മാധ്യമം Oct 22, 2016

# സി.എം.എഫ്.ആർ.ഐയുടെ ‘കലവ’ മത്സ്യ വിത്തുൽപാദനം വിജയം

കൊച്ചി: ഉയർന്ന വിപണന മൂല്യമുള്ള കടൽ മത്സ്യമായ കലവയുടെ (കടൽ കറൂപ്പ്) റിത്തുൽപാദനം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വിജയകരമായി പൂർത്തിയാക്കി. ഗൾഫ് നാടുകളിൽ ആമൂർ എന്നറിയപ്പെടുന്ന കലവയുടെ വിത്തുൽപാദനം ഇന്ത്യയിൽ ആദ്യമായാണ് വൻതോതിൽ വിജയകരമായി നടത്തുന്നത്. സി.എം.എഫ്.ആർ.ഐ വിശാഖപട്ടണം റീജനൽ സെൻററിൽ സീനിയർ സയൻറിസ്റ്റ് ഡോ. ശുഭദീപ്ഘോഷിൻെറ നേതൃത്വത്തിലാണ് വിത്തുൽപാദനം നടത്തിയത്.

വിദേശത്തടക്കം ഏറെ ആവശ്യക്കാരുള്ള മത്സ്യമാണ് കലവ. എന്നാൽ, ഇവയുടെ കൃഷി ഇന്ത്യയിൽ നന്നേ കുറവായിരുന്നു. ഗൾഫ് നാടുകളിലടക്കം ഏറെ പ്രിയപ്പെട്ട മത്സ്യം സിംഗപ്പൂർ, മലേഷ്യ, തായ്വാൻ, ചൈന, ഹോങ്കോങ് എന്നിവിടങ്ങളിൽനിന്നാണ് നിലവിൽ കയറ്റുമതി നടത്തുന്നത്. വിത്തുൽപാദനം വിജയകരമായതോടെ കടൽക്കൂടുകൃഷിയിലൂടെ ഇവ വൻതോതിൽ ഉൽപാദിപ്പിച്ച് കയറ്റുമതി നടത്താനാകുമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

ആഗോളതലത്തിൽ വർഷത്തിൽ ഒരുലക്ഷം ടൺ കലവ ഉൽപാദിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻെറ നിർദേശമുണ്ട്. കടലിൽനിന്ന് ലഭിക്കുന്ന കലവക്ക് കിലോക്ക് 400 മുതൽ 450 രൂപ വരെ ലഭിക്കുമ്പോൾ കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്നതിന് വിദേശ വിപണിയിൽ ഇതിൻെറ മൂന്നും നാലും മടങ്ങാണ് വില.